പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3886

15.12.2014-ൽ മറുപടിക്ക്.

## ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഉപ്പള ഫയർ സ്റ്റേഷന്റെ പരാധീനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫയർ സ്റ്റേഷനിൽ ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | : (ബി) ഉപ്പള ഫയർ സ്റ്റേഷനിൽ ഫയർമാൻ -2 ഒഴിവ്, ഡ്രൈവർ മെക്കാനിക്ക് -1 ഒഴിവ് എന്നിവ നിലവിലുണ്ട്. |
| (സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് അറിയിക്കുമോ; | : (സി) പി.എസ്.സി.യിൽ നിന്ന്, ഫയർമാന്റെ ഒഴിവുകളിലേയ്ക്ക് അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്. ഡ്രൈവർ മെക്കാനിക്ക് തസ്തികയിലേയ്ക്ക് ഫയർമാൻ ഡ്രൈവർ-കം പമ്പ് ഓപ്പറേറ്ററിൽ നിന്ന് യോഗ്യതയുള്ള ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതാണ്. |
| (ഡി) ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br><br>(ഇ) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | : (ഡി & ഇ) മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 50/1-ൽ ഉൾപ്പെട്ട ഒന്നര ഏക്കർ സ്ഥലത്ത് ഫയർ സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. |

Rema.V

സെക്ഷൻ ഓഫീസർ